ബി. പി. എൽ. ലിസ്റ്റ്

*25 [176] *ശ്രീ. തോമസ് ചാഴികാടൻ:*

" *റോഷി അഗസ്റ്റിൻ:*

" *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ലിസ്റ്റ് അവസാനമായി തയ്യാറാക്കിയത് എന്നാണെന്ന് അറിയിക്കാമോ;

(ബി) ഈ ലിസ്റ്റ് പ്രകാരം സംസ്ഥാനത്ത് എത്രപേർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്ന് വെളിപ്പെടുത്താമോ;

(സി) അർഹരായ നിരവധിപേർ ഇനിയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാനുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മുഴുവൻ കുടുംബങ്ങളും, ബി. പി. എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും അർഹരായവരെ ഉൾപ്പെടുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2000 മേയ് മാസത്തിലാണ് നിലവിലുള്ള ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യരേഖാ ലിസ്റ്റ് ഗ്രാമവികസന വകുപ്പ് തയ്യാറാക്കിയത്.

(ബി) 17.23 ലക്ഷം കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്.

(സി) ഉണ്ട്.

(ഡി) പത്താം പഞ്ചവത്സരപദ്ധതിക്കായുള്ള ദാരിദ്ര്യ രേഖാ സെൻസസ് നടത്തുന്നതുസംബന്ധിച്ച് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി 2003 മേയ്-ജൂൺ മാസങ്ങളിൽ സംസ്ഥാനത്ത് പുതിയ ദാരിദ്ര്യരേഖാ സെൻസസ് നടത്തിയിരുന്നു. സെൻസസിലൂടെ ശേഖരിച്ച വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. എന്നാൽ ദാരിദ്ര്യരേഖാ സെൻസസ് ലിസ്റ്റിനു അന്തിമരൂപം നൽകരുതെന്നു സുപ്രീം കോടതി നിർദ്ദേശമുള്ളതിനാൽ ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കുന്നതിന് സുപ്രീംകോടതി അനുമതി നൽകുന്ന മുറയ്ക്ക് കേന്ദ്ര മാർഗ്ഗ നിർദ്ദേശങ്ങൾപ്രകാരം അർഹരായവരെ ഉൾപ്പെടുത്തി പുതിയ ദാരിദ്ര്യ രേഖാ ലിസ്റ്റ് തയ്യാറാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly